**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5183** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന് ഏതൊക്കെ തരത്തിലുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനും വായ്പാഭാരം ലഘൂകരിക്കുന്നതിനുമാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | കാർഷിക കടാശ്വാസ കമ്മീഷനിൽ കർഷകർ സമർപ്പിച്ച എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ളതെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കോവിഡ്-19 മഹാമാരി മൂലം ഒരു വർഷത്തിലധികം സിറ്റിംഗ് മുടങ്ങിയ സാഹചര്യത്തിൽ നിലവിൽ 1,13,070 അപേക്ഷകളിൽ തീർപ്പ് കല്പിക്കാനുണ്ട്. അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളുന്ന കടങ്ങൾക്ക് തുല്യമായ തുക സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾക്ക് കൈമാറാത്തത് മൂലം കർഷകർക്ക് പുതിയ വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കടാശ്വാസ കമ്മീഷന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ; | (സി) | കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശകളുടെ അർഹത സംബന്ധിച്ച വിഷയം സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇത്തരത്തിൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ഈ സാമ്പത്തിക വർഷം ഇതിനോടകം തന്നെ 34.9 കോടി രൂപ കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തീർപ്പ് കല്പിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് പ്രതിസന്ധിയും പ്രകൃതിക്ഷോഭവും മൂലം വലിയ നഷ്ടം അനുഭവിക്കേണ്ടിവന്ന സംസ്ഥാനത്തെ | (ഡി) | പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ കോവിഡ് -19 മഹാമാരി കാരണം ജീവിതം |

| | | | |
|---|---|---|---|
| | കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് അഞ്ച് ലക്ഷം രൂപയിൽ താഴെയുള്ള മുഴുവൻ കാർഷിക കടങ്ങളും എഴുതി തള്ളുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | ദുഃസ്സഹമായിരിക്കുന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകൾ ലഭ്യമാക്കി വായ്പാ കുടിശ്ശിക അടച്ചുതീർത്ത് ജപ്തി നടപടികൾ ഒഴിവാക്കാവുന്നതാണ്. 2021 ആഗസ്റ്റ് മാസം 16–ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കുടിശ്ശികക്കാരായ വായ്പക്കാർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ